**ക്രമപ്രശ്നം**

ബഡ്ജറ്റിലെ തിരുത്ത്

ശ്രീ. എം. ഉമ്മർ: സർ, 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 07-02-2020-ൽ നടത്തിയ പ്രസംഗത്തിലും അതിനുശേഷം അച്ചടിച്ചുവിതരണം നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ പകർപ്പിലും ആറാമത്തെ ഖണ്ഡികയിൽ 'ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 130 അനുസരിച്ച് കേരള സർക്കാർ കേന്ദ്ര സർക്കാരിനെതിരെ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു' എന്നാണ് പരാമർശിക്കുന്നത്. ആർട്ടിക്കിൾ 130 എന്നുപറയുന്നത് ഹൈക്കോർട്ട് എവിടെ സിറ്റിംഗ് നടത്തണമെന്നത് സംബന്ധിച്ചുള്ളതിന്റെ ആസ്ഥാനത്തെക്കുറിച്ചാണ് പറയുന്നത്. എന്നാൽ സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിനെതിരെ കേസ് ഫയൽ ചെയ്യുന്നതിനുള്ള അധികാരം ആർട്ടിക്കിൾ 131-ലാണുള്ളത്. ബഡ്ജറ്റ് എന്നുപറയുന്നത് ഒരു സുപ്രധാന രേഖയാണ്. ആ രേഖയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലും ഇങ്ങനെ

ആർട്ടിക്കിൾ 130 പ്രകാരം കേന്ദ്ര സർക്കാരിനെതിരെ സംസ്ഥാന ഗവൺമെന്റ് കേസ് ഫയൽ ചെയ്തു എന്നുപറയുന്നത് misquote ചെയ്തതാണ്. നമ്മുടെ പ്രധാനപ്പെട്ട രേഖ എന്നുള്ള നിലയ്ക്ക് അത് തിരുത്തേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, മറുപടി പ്രസംഗത്തിൽ തിരുത്ത് പറയാം.

മി. സ്പീക്കർ: അച്ചടിച്ച് വിതരണം നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ വന്ന പിശക് തിരുത്തി erratum സർക്കുലേറ്റ് ചെയ്യുന്നതാണ്.